HON'BLE MR. V. O. MARKOS: The working of the machinery will not by itself facilitate black-marketing, but if rice mills are freely allowed in the conutry, it is likely to facilitate black-marketing to a certain extent.

സയാം അരി.

*341. MR. PANDAVATH SANKARA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഫെബ്രുവരി-ൽ ഇതുവരെ എത്ര ടൺ സയാംഅരി ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ട്?

(ബി) അതിൽ എത്രടൺ അരി ഇതിനകം വിതരണം ചെയ്തു?

(സി) ആ അരി ഏതെല്ലാം താലൂക്കുകളിലാണ് വിതരണം ചെയ്തിട്ടുള്ളത്?

(ഡി) ഇറക്കുമതിചെയ്തിട്ടുള്ള മറ്റു ജാതി അരിയുടെ എത്ര ശതമാനംവീതം ഓരോ താലൂക്കിലും വിതരണം ചെയ്തു?

(ഇ) ഉപയോഗശൂന്യമായ ഈ അരി ഈ പ്രദേശങ്ങളിൽ തന്നെ വിതരണം ചെയ്യാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

HON'BLE MR. V. O. MARKOS: (എ) ഫെബ്രുവരി മാസം ഫസ്റ്റ്-ാം തീയതിവരെ ഇരുപതിനായിരം ടൺ സയാം അരി തിരുവിതാംകൂറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഫെബ്രുവരി മാസം ഫസ്റ്റ്-ാംതീയതിവരെ ആകെ റിലീസ് ചെയ്തിട്ടുള്ള അരി പതിനായിരം ടൺ ആണ്. ഇതിൽ സയാം അരിയും ബർമ്മാഅരിയും ഉൾപ്പെട്ടതുണ്ട്.

(സി) റിലീസ് ചെയ്തിട്ടുള്ള സയാംഅരി എല്ലാ താലൂക്കുകളിലും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഓരോ മാസത്തിലും ഇറക്കുമതി ചെയ്യുന്ന അരിയുടെ അളവിനെ ആശ്രയിച്ചാണ് വിതരണം ചെയ്യുന്ന അരിയുടെ തോതു നിശ്ചയിക്കുന്നത്. ചില മാസങ്ങളിൽ സയാം അരിമാത്രമായിട്ടും ലഭിച്ചിട്ടുണ്ട്. ഡിസംബർമാസത്തിൽ കിട്ടിയതു സയാം അരിമാത്രമായിരുന്നു. മറ്റു മാസങ്ങളിൽ സയാംഅരിയും ബർമ്മാഅരിയും ലഭിച്ചിട്ടുണ്ട്. ഇതു രണ്ടും എല്ലാ താലൂക്കുകളിലും ഒരേ സമയത്തു ഒരേ തോതിൽ വിതരണംചെയ്യാൻ അസാദ്ധ്യമാണ്. ഓരോ ഇനം അരിയുടേയും കുടുതൽ കുറവു അനുസരിച്ചു വിതരണവിധത്തിലും വ്യത്യാസം വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : ഈ അരിയെല്ലാം മില്ലുകളിൽ കുത്തിയതാണോ കൈകൊണ്ടു കുത്തിയതാണോ?

HON'BLE MR. V. O. MARKOS : മില്ലുകളിൽ കുത്തിയതാണെന്നാണ് അറിയുന്നത്.

MR. PANDAVATH SANKARA PILLAI : എന്റെ ചോദ്യത്തിനുമുഴുവൻ ഉത്തരം പറഞ്ഞുതീരുന്നതിനുമുമ്പും, സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കാൻ സൗകര്യം തരുന്നതിനു മുമ്പും മറെറാരു മെമ്പർക്കു ഇങ്ങനെ ചോദ്യം ചോദിക്കുവാൻ അവകാശമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : You will have preference.

MR. PANDAVATH SANKARA PILLAI : എന്റെ ചോദ്യത്തിൽ (ഈ) ഭാഗത്തിന്റെ ഉത്തരം കിട്ടിയിട്ടില്ല.

HON'BLE MR. V. O. MARKOS : അതിനു ഉത്തരം ഒന്നുമില്ല. (എ) മുതൽ (ഡി) വരെയുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

MR. K. A. MATHEW: എല്ലാ താലൂക്കുകളിലും അരി ഒരുപോലെയാണോ വിതരണം ചെയ്യുന്നത്?

HON'BLE MR. V. O. MARKOS : ഒരേ സമയത്തു് എല്ലാ താലൂക്കുകളിലും വിതരണം ചെയ്യുന്നതു ഒന്നുപോലെയല്ലെന്നു വന്നേക്കാം. പക്ഷെ പൊതുവെ വിതരണത്തിന്റെ പ്രൊപ്പോർഷൻ ഒന്നുപോലെയിരിക്കും.

MR. K. A. MATHEW : തിരുവല്ലാ താലൂക്കിൽ സ്വയം അരി എത്ര ടൺ വിതരണം ചെയ്തിട്ടുണ്ടെന്നു പറയാമോ?

HON'BLE. MR. V. O. MARKOS : എത്ര ടൺ കൊടുത്തിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. എന്നാലും മറെറ താലൂക്കുകളിൽ കൊടുത്തിട്ടുള്ളതുപോലെമാത്രമെ തിരുവല്ലാ താലൂക്കിലും കൊടുത്തിട്ടുള്ളുവെന്നറിയാം.

MR. K. A. MATHEW : തിരുവനന്തപുരം സിററിയിൽ മാത്രം വിതരണത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

HON'BLE MR. V. O. MARKOS: വലിയ വ്യത്യാസമൊന്നുമില്ല. അതാതു സമയത്തെ ആവശ്യമനുസരിച്ചു് അൽപ്പം വ്യത്യാസങ്ങൾ വന്നിട്ടുണ്ടായിരിക്കാം.

MR. MANNAR GOPALAN NAIR : എല്ലാ താലൂക്കുകളിലും ജനസംഖ്യാനുപാതികമായിട്ടു അരി വിതരണം ചെയ്തിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ഉണ്ടു്. അങ്ങിനെ അല്ലെങ്കിൽ കുറെ പേക്കു കിട്ടിയില്ലെന്നു വരുമായിരുന്നല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

MR. S KUTTAN (*Neyyattinkara I—General*) : ഉദ്യോഗസ്ഥന്മാരുടെ സഞ്ചയ്ക്കുപോലെ ഇതു പ്രൊപ്പോർഷന്റെ ശതമാനം കൂട്ടാനും കുറയ്ക്കാനും സാധിക്കുന്നതാണെന്ന് അറിയാമോ?

HON'BLE MR. V. O. MARKOS : അങ്ങിനെ അറിവില്ല.

MR. S. KUTTAN: എന്നാൽ അങ്ങിനെ ചെയ്തിട്ടുള്ളതായി പരാതികൾ വല്ലതും ഉണ്ടായിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ചില പരാതികൾ ഉണ്ടായിട്ടുണ്ട്. അവ അടിസ്ഥാനമില്ലാത്തവയാണെന്നു പിന്നീട് മനസ്സിലായിട്ടുണ്ട്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) : திருவனந்தபுரம் Depot officer யைப்பற்றி, அது சம்பந்தமாக பராதி வந்ததுண்டா?

HON'BLE MR. V. O. MARKOS : ഇപ്പോഴത്തെ ഡിപ്പോ ആഫീസറെപ്പറ്റിയാണോ ചോദിക്കുന്നത്?

MR. CHIDAMBARANATHA NADAR : அவர்பேரில் வந்த பராதிக்காக அந்த Depot officer, ஒரு அப்பாவு நாடாரை suspend செய்ததுண்டா?

HON'BLE MR. V. O. MARKOS : അങ്ങനെ ഇല്ല.

MR. A. K. PATCHA PILLAI (*Peermade—General*) : സയാം അരി വിതരണംചെയ്യുന്നതുകൊണ്ടു ധാരാളം ആളുകൾ റേഷൻ വാങ്ങാതിരിക്കുന്നുണ്ടെന്നു അറിയാമോ?

HON'BLE MR. V. O. MARKOS : ധാരാളംപേർ വാങ്ങാതിരിക്കുന്നുണ്ടെന്നറിവില്ല. പക്ഷെ കുറച്ചാളുകൾ വാങ്ങാതിരിക്കുന്നുണ്ടാകാം.

MR. K. CHELLAPPAN PILLAI: സയാം അരി പാകംചെയ്യുന്ന വിധത്തെപ്പറ്റി ഗവണ്മെന്റ് ഒരു പ്രസ്സ്നോട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ഇല്ല. എന്നാൽ ഗവണ്മെന്റ് ചില പ്രചരണങ്ങൾ ചെയ്തിട്ടുണ്ട്.

MR. PONNARA G. SREEDHAR : സയാം അരി ഇങ്ങിനെയിരിക്കുന്നതു് അതിന്റെ സ്വതേയുള്ള ദൃഷ്ടികൊണ്ടാണോ അതോ ഇവിടെ സൂക്ഷിക്കുന്നതിലുള്ള തകരാറു വല്ലതുംകൊണ്ടാണോ?

HON'BLE MR. V. O. MARKOS : സ്വതേയുള്ള കുറവുതന്നെയാണു്. സൂക്ഷിക്കുന്നതിലുള്ള തകരാറൊന്നുമല്ല. സയാം അരിയിൽതന്നെ അഞ്ചാറുതരമുണ്ട്. അതിൽ എല്ലാം ചീത്തയല്ല. ഏറ്റവും മോശമായതാണു് ഈ റബ്ബർ അരി.

LIBRARY ARCHIVES Kerala Legislative Assembly